പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .3304

25.06.2012-ൽ മറുപടിക്ക്

## കേരള അക്വാവെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡിന്റെ പ്രവർത്തനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എ. എം. ആരിഫ്** | | **ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | **കേരള അക്വാവെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (കെ. എ. വി. ഐ. എൽ) എന്ന പേരിൽ പബ്ലിക് - പ്രൈവറ്റ് പാർട്ടിസിപ്പേഷൻ (പി. പി. പി) ആയി കമ്പനി രൂപീകരിച്ചിട്ടുണ്ടോ; ഈ കമ്പനിയുടെ ചെയർമാൻ, വൈസ് ചെയർമാൻ സ്ഥാനത്തുള്ളവർ ആരൊക്കെയാണ്; വ്യക്തമാക്കാമോ;** | (എ) | കമ്പനി രൂപീകരിച്ചിട്ടുണ്ട്.<br>ചെയർമാൻ : ശ്രീ.ഉമ്മൻചാണ്ടി ബഹു.കേരള സംസ്ഥാന മുഖ്യമന്ത്രി<br>വൈസ് ചെയർമാൻ : ശ്രീ.കെ. ബാബു ബഹു. സംസ്ഥാന ഫിഷറീസ് വകുപ്പ് മന്ത്രി |
| (ബി) | **പ്രസ്തുത കമ്പനിയുടെ ഡയറക്ടർ ബോർഡിൽ സർക്കാരിൽ നിന്നും ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ആരൊക്കെയാണ് അംഗമായിട്ടുള്ളതെന്നും പ്രൈവറ്റ് അംഗങ്ങൾ ആരൊക്കെയാണ് എന്നും അറിയിക്കാമോ;** | (ബി) | **<u>സർക്കാർ/ഫിഷറീസ് വകുപ്പ്</u>**<br>1. ബഹു.മുഖ്യമന്ത്രി<br>2. ബഹു.ഫിഷറീസ് വകുപ്പ് മന്ത്രി<br>3. സെക്രട്ടറി-ഫിഷറീസ് വകുപ്പ്<br>4. ഫിഷറീസ് ഡയറക്ടർ<br>5. മാനേജിംഗ് ഡയറക്ടർ (അധിക ചുമതല വഹിക്കുന്നു. നിലവിൽ എം.ഡി. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ)<br>6. ശ്രീ. ഡോ.ബി. മധുസൂദനക്കുറുപ്പ് (വൈസ് ചാൻസലർ, കുഫോസ്)<br>**<u>പ്രൈവറ്റ് അംഗങ്ങൾ</u>**<br>1. ശ്രീ. ഫെലിക്സ് സൈമൺ<br>2. ശ്രീ. എൻ.പി. കുട്ടികൃഷ്ണൻ നായർ<br>3. ശ്രീ.ജോസഫ്.പി.ടി<br>4. ശ്രീ. സുനീഷ് ജോർജ്ജ് |
| (സി) | **പ്രസ്തുത കമ്പനിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും കമ്പനിയുടെ വരവ് ചെലവ് കണക്കുകൾ പരിശോധിക്കുന്നത് ആരാണെന്നും പ്രൈവറ്റ് അംഗങ്ങൾ എത്ര [illegible]ിതമാണ് കമ്പനിയിൽ** | (സി) | അലങ്കാര മത്സ്യോല്പാദനവും, കയറ്റുമതിയും വർദ്ധിപ്പിക്കുക എന്ന പ്രധാന ഉദ്ദേശത്തോടു കൂടിയാണ് പ്രസ്തുത കമ്പനി രൂപീകരിച്ചിട്ടുള്ളത്. വരവ് - ചെലവ് കണക്കുകൾ പരിശോധിക്കുന്നതിനായി ഇന്റേണൽ ഓഡിറ്റിംഗ്, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ് |

| | | | |
|---|---|---|---|
| | മുതൽമുടക്കിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ; | | എന്നീ രണ്ട് തരത്തിലുള്ള ഓഡിറ്റിംഗ് നിലവിലുണ്ട്. നിലവിൽ ഇന്റേണൽ ഓഡിറ്ററായി പ്രവർത്തിക്കുന്നത് M/s പിള്ള ആന്റ് അസോസിയേറ്റ്സ് എന്ന സ്ഥാപനവും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ് നിർവഹിക്കുന്നത് M/s കുമാർ ആന്റ് കൃഷ്ണൻ എന്ന സ്ഥാപനവുമാണ്.<br>പ്രൈവറ്റ് അംഗങ്ങളുടെ മൂലധന മുതൽമുടക്ക്<br>1. ശ്രീ.ഫെലിക്സ് സൈമൺ **35,00,000** രൂപ<br>2.ശ്രീ. വൈ.നിസാർ **20,00,000** രൂപ<br>3.ശ്രീ.സുനീഷ് ജോർജ്ജ് **20,00,000** രൂപ<br>4.ശ്രീ.എൻ.പി.കുട്ടികൃഷ്ണൻ നായർ **20,00,000** രൂപ<br>5.ശ്രീ.ജോസഫ് പി.ടി. **20,00,000** രൂപ<br>6.ശ്രീ.സൈമൺ വർഗ്ഗീസ് **19,00,000** രൂപ<br>7. പഴശ്ശിരാജ സ്വാശ്രയ സഹായസംഘം **7,50,000** രൂപ<br>8. ശ്രീ സ്റ്റാർ എന്റർപ്രൈസസ് പ്രൈവറ്റ് ലിമിറ്റഡ് **7,50,000** രൂപ |
| (ഡി) | സർക്കാരിന്റെ ഓഹരി എത്രയാണ് എന്ന് വ്യക്തമാക്കാമോ ; | (ഡി) | കേരള സംസ്ഥാന സർക്കാരിന് പ്രസ്തുത കമ്പനിയിൽ 100/- രൂപ മുഖവിലയുള്ള 99,000 ഓഹരികളാണുള്ളത്. ഇതു കൂടാതെ ഇതര സർക്കാർ മേഖലകളിൽ നിന്നും 100/- രൂപ മുഖവിലയുള്ള 45,000 ഓഹരികൾ നിക്ഷേപമായി സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | പ്രസ്തുത കമ്പനിയുടെ ചെലവിൽ ആരെല്ലാം ഏതൊക്കെ വിദേശരാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്; അതിന് ചെലവായ തുകയെത്ര എന്ന് വ്യക്തമാക്കാമോ; | (ഇ) | പ്രസ്തുത കമ്പനിയുടെ ചെലവിൽ രണ്ട് വിദേശയാത്രകൾ ആണ് നടന്നിട്ടുള്ളത്. 1) 2010 സെപ്റ്റംബറിൽ മസ്കറ്റിൽ നടന്ന "Indian Trade Fair 2010" എന്ന പരിപാടിയിൽ പങ്കെടുക്കുന്നതിനായി കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ ആയിരുന്ന ശ്രീ. എ.ഗോപാലകൃഷ്ണൻ നായരും, ഡയറക്ടർ ബോർഡ് അംഗങ്ങളായിരുന്ന ശ്രീ.പി.ഐ. ഷേക്ക് പരീതും, (അന്നത്തെ |

| | | | |
|---|---|---|---|
| | | | ഫിഷറീസ് ഡയറക്ടർ) ശ്രീ.എൻ.പി.കുട്ടികൃഷ്ണൻ നായരും കമ്പനിയുടെ ടെക്നിക്കൽ കൺസൾട്ടന്റ് ആയിരുന്ന ശ്രീ.കപില ആർ.എ.ടിസേരയും സി.പി.യു. നമ്പർ 1 സീനിയർ മാനേജർ ആയിരുന്ന ശ്രീ.പി.വി.ഗിരീഷ് കുമാറും മസ്കറ്റ് സന്ദർശിച്ചിരുന്നു. ഇതിനായി 1,49,671/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br>2) 2011 ഒക്ടോബറിൽ കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ ആയിരുന്ന ശ്രീ.എ.ഗോപാലകൃഷ്ണൻ നായരും, ഡയറക്ടർ ആയിരുന്ന ശ്രീ.പി.കെ.മൊഹന്തിയും അമേരിക്കയിലെ ചിക്കാഗോ സന്ദർശിച്ചിരുന്നു. ഇതിനായി 6,47,956 രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (എഫ്) | പ്രസ്തുത കമ്പനിയിൽ ആകെ എത്ര ജീവനക്കാരാണുള്ളത്; | (എഫ്) | കമ്പനി ജീവനക്കാർ - 28<br>കാഷ്വൽ ലേബേഴ്സ് - 10<br>ആകെ - 38 |
| (ജി) | കമ്പനിയിൽ വ്യാപകമായ അഴിമതി നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ജി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എച്ച്) | പ്രസ്തുത കമ്പനിക്ക് 11.91 കോടി രൂപ വിവിധ കേന്ദ്ര-സംസ്ഥാന ഏജൻസികളിൽ നിന്നും സബ്സിഡിയായി ലഭിച്ചിട്ടുണ്ടോ; | (എച്ച്) | NFDB സബ്സിഡി - 3.41 കോടി<br>RKVY ഗ്രാന്റ് - 8.40 കോടി<br>സംസ്ഥാന സർക്കാർ സബ്സിഡി - 1.00 കോടി എന്നിങ്ങനെ<br>ആകെ - 12.81 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (ഐ) | ഇപ്പോൾ ഈ സ്ഥാപനത്തിന്റെ മേൽനോട്ടാധികാരം ഏത് ഉദ്യോഗസ്ഥനാണ് എന്ന് അറിയിക്കാമോ; | (ഐ) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ആയ ഡോ.കെ.അമ്പാടി നിലവിൽ കാവിലിന്റെ മാനേജിംഗ് ഡയറക്ടർ ആയി അധികച്ചുമതല നിർവ്വഹിച്ചു വരുന്നു. |
| (ജെ) | പി. പി. പി. ആയി തുടങ്ങിയ ഈ കമ്പനിയെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ജെ) | അധിക വിളവ് സമാഹരണം, ശാസ്ത്രീയമായ ഇടപെടൽ, സാറ്റലൈറ്റ് ഫാമുകളുടെ ശക്തിപ്പെടുത്തൽ, വിപണി വൈവിധ്യകരണം എന്നിവയിലൂടെ പ്രവർത്തനം ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ